കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ്-പ്രിൻസിപ്പൽ സെക്രട്ടറിയുടെ (ധനകാര്യം) പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ. (സാധാ) നം.7285/2018/ധന.** **തിരുവനന്തപുരം, തീയതി 31/08/2018**

പരാമർശം:- 18/08/2018 തീയതിയിലെ സ.ഉ. (അച്ചടി) നം134/2018/ധന

**ഉത്തരവ്**

സംസ്ഥാന സർക്കാർ ജീവനക്കാർക്കായി 2018-ൽ അനുവദിച്ച ഉത്സവബത്ത പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് പരാമർശത്തിലെ ഉത്തരവ് പ്രകാരം ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ജീവനക്കാരുടെ സംഭാവനയായി നൽകി ഉത്തരവായിരുന്നു. മേൽ തുകയും പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന മറ്റു തുകകളും പ്രത്യേകമായി വരവ് ചെയ്യുന്നതിനുള്ള സൗകര്യത്തിനായി ഒരു സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ ആവശ്യത്തിനായി ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സുരേഷ് കുമാർ ഒ.ബി.**
അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ/ജി.&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ ട്രഷറി, തിരുവനന്തപുരം.
ധന (ഫണ്ട്സ്) വകുപ്പ് (അടിയന്തിര തുടർ നടപടികൾക്കായി)
പി ആർ ഡി വകുപ്പ്
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും (ഇ-ഓഫീസ് മുഖേന)
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ